**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1302** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഹിൽ ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ഹിൽ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട പുരോഗതി വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം 4 റീച്ചുകളിലായി ഇതുവരെ 85.10 കിലോമീറ്റർ റോഡ് പൂർത്തീകരിച്ചിട്ടുണ്ട്. നന്ദാരപടവ് മുതൽ ചേവാർ വരെയുള്ള റീച്ച് 1 ലെ 23 കിലോമീറ്റർ നീളം വരുന്ന റോഡിന്റെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ചേവാർ മുതൽ എടപ്പറമ്പ വരെയുള്ള റീച്ച് 2 ൽ ആകെയുള്ള 28 കിലോമീറ്ററിൽ 17.5 കിലോമീറ്റർ ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. നിലവിൽ പ്രസ്തുത റീച്ചിലെ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. 24 കിലോമീറ്റർ നീളം വരുന്ന എടപ്പറമ്പ മുതൽ കോളിച്ചാൽ വരെയുള്ള റീച്ച് 3 ൽ വനഭൂമിയും കാവുങ്കൽ പാലവും ഒഴികെയുള്ള 19.06 കിലോമീറ്റർ ഭാഗത്തെ പ്രവൃത്തികൾ പൂർത്തി യായിട്ടുണ്ട്. ശേഷിക്കുന്ന 28.70 കിലോമീറ്റർ നീളം വരുന്ന റീച്ച് 4 കോളിച്ചാൽ മുതൽ ചെറുപുഴ വരെയുള്ള റോഡിന്റെ വനഭൂമി ഒഴികെയുള്ള 25.54 കിലോമീറ്റർ ഭാഗത്തെ റോഡിന്റെ നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര കിലോമീറ്റർ പാത അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ 85.10 കിലോമീറ്റർ ഭാഗത്തെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 18.68 കിലോമീറ്ററിൽ 10.5 കിലോമീറ്റർ ഭാഗം റീച്ച് 2 ആയ ചേവാർ മുതൽ എടപ്പറമ്പ വരെയുള്ള റീച്ചിൽ ഉൾപ്പെടുന്നതാണ്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രവൃത്തി പൂർത്തിയാകാൻ ബാക്കിയുള്ള 8.18 കിലോമീറ്ററിൽ റീച്ച് 3 ആയ കോളിച്ചാൽ മുതൽ എടപ്പറമ്പ വരെയും റീച്ച് 4 ആയ കോളിച്ചാൽ മുതൽ ചെറുപുഴ വരെയുമാണ് ഉൾപ്പെടുന്നത്. ഇതിൽ റീച്ച് 3 ആയ കോളിച്ചാൽ മുതൽ എടപ്പറമ്പ വരെയുള്ള പ്രവൃത്തി നിലവിൽ 03.04.2023 തീയതിയിൽ ഫോർക്ലോസ് ചെയ്തിട്ടുള്ളതാണ്. വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആയതു ലഭ്യമായാൽ |

| | | | |
|---|---|---|---|
| | | | പ്രവൃത്തി റീടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ പ്രസ്തുത റീച്ചിന്റെ നവീകരണ പ്രവൃത്തികൾക്കായി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റീച്ചിന്റെ ഭാഗമായ ബേത്തൂർപാറ പരപ്പ ലിങ്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബി-യിൽ നിന്നും ലഭിച്ചിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. പ്രസ്തുത ലിങ്ക് റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള അറ്റകുറ്റ പ്രവൃത്തികൾക്കായി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. റീച്ച് 4 ആയ കോളിച്ചാൽ മുതൽ ചെറുപുഴ വരെയുള്ള ഭാഗത്തെ 2.71 കിലോമീറ്റർ വനഭൂമിയാണ്. ഈ ഭാഗത്ത് കോൺക്രീറ്റ് പാത നിർമ്മിക്കുന്നതിനുള്ള ഡിസൈൻ 19.06.2023 ൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആയതിന് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. നിലവിൽ പ്രസ്തുത റോഡ് സഞ്ചാര യോഗ്യമാക്കുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. |
| (സി) | എത്ര കിലോമീറ്റർ അഭിവൃദ്ധിപ്പെടുത്താനുണ്ടെന്നും ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ? | (സി) | കാസർഗോഡ് ജില്ലയിൽ 85.10 കിലോമീറ്റർ ഭാഗത്തെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 18.68 കിലോമീറ്ററിൽ 10.5 കിലോമീറ്റർ ഭാഗം റീച്ച് 2 ആയ ചേവാർ മുതൽ എടപ്പറമ്പ വരെയുള്ള റീച്ചിൽ ഉൾപ്പെടുന്നതാണ്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രവൃത്തി പൂർത്തിയാകാൻ ബാക്കിയുള്ള 8.18 കിലോമീറ്ററിൽ റീച്ച് 3 ആയ കോളിച്ചാൽ മുതൽ എടപ്പറമ്പ വരെയും റീച്ച് 4 ആയ കോളിച്ചാൽ മുതൽ ചെറുപുഴ വരെയുമാണ് ഉൾപ്പെടുന്നത്. ഇതിൽ റീച്ച് 3 ആയ കോളിച്ചാൽ മുതൽ എടപ്പറമ്പ വരെയുള്ള പ്രവൃത്തി നിലവിൽ 03.04.2023 തീയതിയിൽ ഫോർക്ലോസ് ചെയ്തിട്ടു ള്ളതാണ്. വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആയതു ലഭ്യമായാൽ പ്രവൃത്തി റീടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ പ്രസ്തുത റീച്ചിന്റെ നവീകരണ പ്രവൃത്തികൾക്കായി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റീച്ചിന്റെ ഭാഗമായ ബേത്തൂർപാറ പരപ്പ ലിങ്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബി -യിൽ നിന്നും ലഭിച്ചിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. പ്രസ്തുത ലിങ്ക് റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള അറ്റകുറ്റ പ്രവൃത്തികൾക്കായി സാമ്പത്തികാനുമതി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. റീച്ച് 4 ആയ കോളിച്ചാൽ മുതൽ ചെറുപുഴ വരെയുള്ള ഭാഗത്തെ 2.71 കിലോമീറ്റർ വനഭൂമിയാണ്. ഈ ഭാഗത്ത് കോൺക്രീറ്റ് പാത നിർമ്മിക്കുന്നതിനുള്ള ഡിസൈൻ 19.06.2023 ൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആയതിന് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. നിലവിൽ പ്രസ്തുത റോഡ് സഞ്ചാര യോഗ്യമാക്കുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ